# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2350
# 05/11/2019 ലെ മറുപടിക്ക്

**<u>കീഴാറ്റൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം</u>**

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതിയായ കീഴാറ്റൂർ വില്ലേജാഫീസ് കെട്ടിടം നിർമ്മാണം പ്രസ്തുത തുക കൊണ്ട് പൂർത്തികരിക്കാൻ കഴിയില്ല എന്നും ആയതിനാൽ ഭരണാനുമതി പുതുക്കി നൽകണമെന്നും ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിൽ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | 2016-17 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതിയായ കീഴാറ്റൂർ വില്ലേജാഫീസ് കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 2019-20 ആസ്തി വികസന നിധിയിൽ നിന്ന് 25 ലക്ഷം രൂപ കൂടി അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകുന്നതിന് 04/11/2019 ലെ സ.ഉ(സാധാ)നം.8715/2019/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| (ബി) | പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | |
| (സി) | പ്രസ്തുത വിഷയത്തിൽ അടിയന്തര ശ്രദ്ധ നൽകി അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - പാറശ്ശാല നിയോജക മണ്ഡലം - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2016-17 ൽ നിന്ന് ഭരണാനുമതി പുറപ്പെടുവിച്ച കീഴാറ്റൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.8715/2019/ധന.** **തിരുവനന്തപുരം, തീയതി 04/11/2019.**

---

**പരാമർശം :** 1) 23/06/2017 ലെ സ.ഉ(സാധാ)നം.2818/2017/റ.വ.
2) 04/11/2019 ൽ ബഹു. പാറശ്ശാല എം.എൽ.എ ശ്രീ. സി. കെ. ഹരീന്ദ്രൻ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ കത്ത്.
3) 03/04/2018 ലെ സർക്കുലർ നം.26/2018/ധന.
4) 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന.

**ഉത്തരവ്**

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പാറശ്ശാല എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം കീഴാറ്റൂർ വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക തടസ്സം നേരിട്ടതിനാൽ പ്രവൃത്തി തടസ്സപ്പെട്ടതായും, പ്രവൃത്തിയുടെ ആവശ്യകത കണക്കിലെടുത്ത് ബഹു. എം.എൽ.എ യുടെ 2019-20 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്ന് 25 ലക്ഷം രൂപ കൂടി അനുവദിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു. എം.എൽ.എ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. പാറശ്ശാല എം.എൽ.എ ശ്രീ. സി. കെ. ഹരീന്ദ്രന്റെ നിയോജകമണ്ഡല ആസ്തി വികസന നിധി 2016-17 ൽ നിന്ന് 30 ലക്ഷം രൂപ അനുവദിച്ചിരുന്ന കീഴാറ്റൂർ വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 2019-20 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ കൂടി അനുവദിച്ച് പരാമർശം (4) ലെ ഉത്തരവിലെ മാർഗ്ഗരേഖകൾക്ക് വിധേയമായി വിനിയോഗിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം (3) ലെ ഉത്തരവിൽ ഇളവുവരുത്തി പ്രത്യേകാനുമതി നൽകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. നരേന്ദ്രൻ പിള്ള**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. പാറശ്ശാല എം.എൽ.എ ശ്രീ. സി.കെ. ഹരീന്ദ്രൻ, സിന്ദൂരം, മരുത്തൂർ, കട്ടപ്പന, നെയ്യാറ്റിൻകര
5. റവന്യൂ വകുപ്പ്.
6. ജില്ലാ കളക്ടർ, തിരുവനന്തപുരം.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (1319722/NC-B2/56/2019/Fin)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**